(ബി) ഇത് ഒട്ടാകെ എന്ത് തുകയായിരുന്നു;

(സി) 2000-ാമാണ്ട് ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളിൽ എത്രമാസത്തെ കുടിശ്ശിക വീതമുണ്ടായിരുന്നു;

(ഡി) പ്രസ്തുത തീയതിയിൽ ഈയിനത്തിൽ ഒട്ടാകെ എന്തു തുകയുടെ കുടിശ്ശികയുണ്ടായിരുന്നു?

ഉത്തരം

(എ) 1996 ഏപ്രിൽ 1-ാം തീയതി കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ 12 മാസത്തെ പെൻഷൻ കുടിശ്ശിക നൽകുവാനുണ്ടായിരുന്നു. മറ്റു സാമൂഹ്യ സുരക്ഷിത പെൻഷനുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) കർഷക തൊഴിലാളി പെൻഷൻ 27.60 കോടി രൂപയായിരുന്നു.

(സി) 2000-ാം മാണ്ട് ഏപ്രിൽ മാസത്തെ കണക്കനുസരിച്ച് കർഷകതൊഴിലാളി പെൻഷൻ ഇനത്തിൽ 9 മാസത്തെ കുടിശ്ശിക നൽകുവാനുണ്ട്. മറ്റ് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ 39.50 കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്.

കരാറുകാർക്ക് കൊടുക്കാനുള്ള തുക

10 (964) ശ്രീ. കെ. സുധാകരൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മാർച്ച് 31-ലെ കണക്കനുസരിച്ച് വിവിധ കരാറുകാർക്ക് എന്തു തുക കൊടുക്കണമായിരുന്നു;

(ബി) 1996 ഏപ്രിൽ-1 ലെ കണക്കനുസരിച്ച് 1996 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ മിച്ചം എത്രയാണ്;

(സി) 2000-ാം മാണ്ട് മാർച്ച് 31-ലെ കണക്കനുസരിച്ച് വിവിധ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള തുകയെത്രയാണ്;

(ഡി) 2000-ാമാണ്ട് ഏപ്രിൽ 1-ലെ കണക്കനുസരിച്ച് 2000 മാർച്ച് 31 -ലെ സംസ്ഥാനത്തിന്റെ മിച്ചം എത്രയാണ്?

ഉത്തരം

(എ) 1. റോഡുകളും പാലങ്ങളും - 177.07 കോടി രൂപ
2. കെട്ടിട വിഭാഗം - 25.46 കോടി രൂപ
3. ജലസേചനം പ്രോജക്ട് I - 13.54 കോടി രൂപ
4. ജലസേചനം പ്രോജക്ട് II - 13.31 കോടി രൂപ
5. ജലസേചനം പ്രോജക്ട് III - വിവരം ശേഖരിച്ചു വരുന്നു.
6. ഇറിഗേഷൻ, ഡിസൈൻ & റിസർച്ച് ബോർഡ് - ഈ കാലത്ത് ഫണ്ട് അലോട്ട്മെന്റ് തടഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

7. (1) മേജർ ഇറിഗേഷൻ - 60.48 കോടി രൂപ
(2) മൈനർ ഇറിഗേഷൻ - 36.30 കോടി രൂപ
8. നാഷണൽ ഹൈവേ - 0.71 കോടി രൂപ

(ബി) 1996 മാർച്ച് 31-ൽ റിസർവ്വ് ബാങ്കിന്റെ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ ക്യാഷ് ബാലൻസ് 481.41 കോടി രൂപയായിരുന്നു.

(സി) 1. റോഡുകളും പാലങ്ങളും - 525 കോടി രൂപ
2. കെട്ടിട വിഭാഗം - 70.67 കോടി രൂപ
3. ജലസേചനം പ്രോജക്ട് I - 16.58 കോടി രൂപ
4. ജലസേചനം പ്രോജക്ട് II - 15.44 കോടി രൂപ
5. ജലസേചനം പ്രോജക്ട് III - വിവരം ശേഖരിച്ചു വരുന്നു.
6. ഇറിഗേഷൻ, ഡിസൈൻ & റിസർച്ച് ബോർഡ് - 0.75 കോടി രൂപ
7. (1) മേജർ ഇറിഗേഷൻ - 33.49 കോടി രൂപ
(2) മൈനർ ഇറിഗേഷൻ - 18.41 കോടി രൂപ
8. നാഷണൽ ഹൈവേ - 4.32 കോടി രൂപ

(ഡി) 2000-മാർച്ച് 31-ൽ റിസർവ്വ് ബാങ്കിന്റെ കണക്കുപ്രകാരം സംസ്ഥാനം 130.77 കോടി രൂപ കമ്മിയിലാണ്.

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക

11 (965)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ, റോഡ്, ബിൽഡിംഗ്സ്, ഇറിഗേഷൻ എന്നീ വിഭാഗങ്ങളിൽ കരാറുകാർക്ക് 31.5.2000 വരെ എത്ര കോടി രൂപ കൊടുക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശികതുക കൊടുത്തു തീർക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. റോഡുകളും പാലങ്ങളും - 538 കോടി രൂപ
2. കെട്ടിട വിഭാഗം - 70.67 കോടി രൂപ
3. ജലസേചനം പ്രോജക്ട് I - 17.20 കോടി രൂപ
4. ജലസേചനം പ്രോജക്ട് II - 11.72 കോടി രൂപ
5. ജലസേചനം പ്രോജക്ട് III - വിവരം ശേഖരിച്ചുവരുന്നു.
6. ഇറിഗേഷൻ, ഡിസൈൻ & റിസർച്ച് ബോർഡ് - 0.94 കോടി രൂപ
7. ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ - 59.66 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly